(ബി) ഈ റോഡ് ഇപ്പോൾ വീതി കൂട്ടിയും വളവുകൾ തീർത്തും പണി തുടങ്ങിയിട്ട് എത്ര നാളായിയെന്ന ഗവൺമെണ്ടിനറിയാമോ; പണി തുടങ്ങിയതിനുശേഷം പണി നിർത്തിവച്ചിട്ടുണ്ടോ?

(സി) ആ റോഡു പൂർത്തിയാക്കുന്നതിനുള്ള എസ്റ്റിമേസ്റ്റ് എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ?

(ഡി) എന്നത്തേക്കു പൂർത്തിയാകുമെന്നു പറയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്: (എ) അറിയാം.

(ബി) ഒന്നരകൊല്ലമായി. പണി മുടക്കിയിട്ടില്ല.

(സി) ഏകദേശം 1 ലക്ഷം രൂപ.

(ഡി) ബഡ്ജറ്റു പ്രൊവിഷനെ ആശ്രയിച്ചിരിക്കും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇപ്പോൾ എത്രമാത്രം പണി തീർന്നിട്ടുണ്ടെന്നറിയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്: ഇപ്പോൾ ഒന്നുമുതൽ മൂന്നുവരെ മൈലിലെ വേലയും നാലാം മൈലിലെ മെറ്റൽ വേലയും പൂർത്തിയായിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ റോഡ് ഗവൺമെണ്ട് ഏറ്റെടുത്തിട്ട് എത്ര നാളായി?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്: അവിടെ പണി തുടങ്ങിയിട്ട് ഒന്നര കൊല്ലമായി

5 ഏക്കറിൽ കൂടുതൽ കൃഷിക്കുപയുക്തമായ ഭൂമിയുള്ളവർ

*1814. ശ്രീ. (ർ) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് 5 ഏക്കറിൽ കൂടുതൽ കൃഷിക്കുപയുക്തമായ ഭൂമിയുള്ളവരുടെ സംഖ്യ എത്രയെന്നും അവർ എത്ര ഏക്കർ സ്ഥലം കൈവശം വച്ചുകൊണ്ടിരിക്കുന്നുവെന്നും ദയവായി പറയുമോ;

(ബി) അപ്രകാരം 5 ഏക്കറിൽ കൂടുതൽ സ്ഥലം കൈവശം വച്ചുകൊണ്ടിരിക്കുന്നവരിൽനിന്നും, കൂടുതൽ വരുന്ന സ്ഥലം ഗവൺമെണ്ട് എടുത്തു ഭൂമിയില്ലാത്തവർക്കു കൊടുക്കുന്ന കാര്യത്തെപ്പറ്റി ഗവൺമെണ്ട് ആലോചിക്കുമോ;

(സി) ഭൂവുടമയെ സംബന്ധിച്ചും, ഭൂമി പതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചും ഗവൺമെണ്ടിനുള്ള നയം എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: (എ) ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ ഗവൺമെണ്ട് ശേഖരിച്ചുകൊണ്ടിരിക്കുന്നു.

(ബി) ഒരാൾ കൈവശംവച്ചുകൊണ്ടിരിക്കേണ്ട ഭൂമിയുടെ പരിധി എത്ര എന്ന് ക്രിസ്റ്റലൈസ്ചെയ്തിട്ടില്ല. അതു ലാൻഡ് കമ്മിറ്റിയുടെ പര്യാലോചനക്കു വിധേയമാക്കുന്നതാണ്. ലാൻഡ്കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം ഗവൺമെണ്ട് ഇതിനെക്കുറിച്ച് പര്യാലോചിക്കുന്നതാണ്.

(സി) തിരുവിതാംകൂറിലും കൊച്ചിയിലും സാധാരണയായി ഭൂമി ഇപ്പോൾകുത്തകപാട്ടമായിട്ടാണ് കൊടുത്തുവരുന്നതു്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ ഭാവിനയത്തെപ്പറ്റി ആലോചിക്കുന്നതിനു് ലാൻഡ്കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷമേ സാധിക്കയുള്ളു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ലാൻഡ്കമ്മറ്റിയുടെ റിപ്പോർട്ട് എത്രനാളിനകം കിട്ടണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നതു്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ക്രിസ്റ്റലൈസ്ചെയ്യുകാലാവധിക്കകം റിപ്പോർട്ട് നൽകണമെന്നു നിർദ്ദേശിച്ചിട്ടില്ല. എന്നാൽ കഴിയുന്നതും വേഗത്തിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഇപ്പോൾ കുത്തകപ്പാട്ടം കൊടുക്കുന്നതിന്റെ എറ്റവും കൂടിയ കാലാവധി എന്താണ്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: 30 കൊല്ലത്തേക്കുവരെ ഇപ്പോൾ കൊടുത്തിട്ടുണ്ട്.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: ഭൂമി പതിച്ചുകൊടുക്കുന്ന രീതി നിർത്തലാക്കിയിട്ട് ഇപ്പോൾ എത്ര നാളായെന്നു പറയാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: കുറെ നാളായി. കൃത്യമായി വർഷവും തീയ്യതിയും ഇപ്പോൾ പറയാൻ നിവർത്തിയില്ല.

ശ്രീ. പി. കെ. കുഞ്ഞൻശാസ്തി: ഇപ്പോൾ കുത്തകപ്പാട്ടം കൊടുക്കുന്നതു് എന്തടിസ്ഥാനത്തിലാണു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: കുത്തകപ്പാട്ടം രൂപമസരിച്ചാണു്.

ശ്രീ. എം. ഐ. പോൾ: കുത്തകപ്പാട്ടപ്രകാരം പതിച്ചുകൊടുക്കുന്ന ഭൂമിയിലുള്ള വൃക്ഷങ്ങൾ അനുഭവിക്കുവാൻ പാട്ടക്കാരെ അധികാരപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: സർക്കുലർ അനുസരിച്ചു് ൩൦ ഇഞ്ചിൽ താഴെയുള്ള വൃക്ഷങ്ങൾ അവക്കുതന്നെ എടുക്കാമെന്നാണു് വ്യവസ്ഥ. അതിൽ കൂടുതൽ വണ്ണമുള്ള വൃക്ഷങ്ങൾ ഗവമെന്റു് വെട്ടിമാറ്റുന്നതാണു്.

ശ്രീ. എം. ഐ. പോൾ: ൩൦ ഇഞ്ചെന്നു പറയുന്നതു് എന്താണു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതു വൃക്ഷത്തിന്റെ വണ്ണമാണു്.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: ഇപ്പോൾ എവിടെയെങ്കിലും ഭൂമി പതിച്ചുകൊടുക്കുന്നുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഉണ്ടു്. കൃഷിക്കു് ഏറ്റവും അത്യാവശ്യമായ വേമ്പനാട്ടുകായൽ ലേലംചെയ്തുകൊടുക്കാൻ ഗവമെന്റു് തീരുമാനിച്ചിട്ടുണ്ടു്.

ശ്രീ. വി. കെ. വേലായുധൻ: ഇൻഡ്യാഗവമെന്റിൽനിന്നും ഭൂവുടമയെ സംബന്ധിച്ചു് ഒരു നിയമമുണ്ടാക്കുവാൻ പോകുന്ന സ്ഥിതിക്കു് അതിനു മുമ്പായി ഇവിടത്തെ ഭൂനയം ക്രമപ്പെടുത്തുവാൻ ഗവമെന്റു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ആ കാര്യവും ഗവമെന്റിന്റെ ആലോചനയിൽ ഇരിക്കയാണു്.

Sri. D. Gnanasigamony: May I know whether lands are granted under Kuthagapattom rules without limit of time ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ലിമിറ്റു് ഒഫ് ടൈം വയ്ക്കാതെ കൊടുക്കുന്നതായി എനിക്കറിഞ്ഞുകൂടാ.

ശ്രീ. എം. ഐ. പോൾ: മുപ്പതിഞ്ചിൽ കൂടുതൽ വണ്ണമുള്ള വൃക്ഷങ്ങൾ വെട്ടുന്നതു കുറേകൂടെയല്ലേ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതേ.

അഞ്ചൽസിൽബന്ധികളുടെ ലോക്കൽ അലവൻസ്

*൯൩൨. (൪) ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗതാഗതവും കൃഷിയും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) രാത്രിമുഴുവൻ ജോലി ചെയ്യേണ്ടിവരുന്ന അഞ്ചലാപ്പീസുകളിലെ ജോലിക്കാർക്കു് ആ വകയ്ക്കായി ലോക്കൽ അലവൻസു കൊടുത്തിരുന്നോ;

(ബി) മേൽപ്പറഞ്ഞ അലവൻസു് നിറുത്തുകയുണ്ടായോ; ഉണ്ടെങ്കിൽ എന്നുമുതല്ക്കാണു്;

(സി) അങ്ങിനെ നിറുത്തിയതു് എന്തുകൊണ്ടാണു്; നിറുത്തിയതുകൊണ്ടു് പ്രതിമാസം എന്തുതുക ലാഭമുണ്ടായി?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: (എ) തിരുവനന്തപുരം, കൊല്ലം, കൊട്ടാരക്കര ഇവയുടെ സ്ഥലങ്ങളിലെ അഞ്ചലാപ്പീസുകളിൽ രാത്രിസമയം ജോലിചെയ്തുകൊണ്ടിരുന്നവർക്കു് ലോക്കൽ അലവൻസു് കൊടുത്തിരുന്നു.

(ബി) ൧൯൫൨ മുതൽ ലോക്കൽ അലവൻസു നൽകിയിരുന്നതു നിറുത്തൽചെയ്തു.

(സി) ൧൯൫൨ ജൂലായ് ൧൫-ാംനു-യിലെ സർക്കുലറിലെ വ്യവസ്ഥകളനുസരിച്ചു് എല്ലാ അലവൻസുകളും നിറുത്തിയതോടുകൂടി ഇതും നിറുത്തലാക്കിയിട്ടുള്ളതാണു്. ഇതു നിറുത്തിയതുകൊണ്ടു് ൧൯൫൨ ജൂല പ്രതിമാസം ലാഭം ഉണ്ടായിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly